

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 12 No. 3 Newsletter March 2014



*"Even now," declares the Lord, "return to me with all your heart, with fasting and weeping and mourning." (Joel 2:12)*

# Church News

## Congratulations



ഐ.സി.എസ്.ഇ 2013-14 അദ്ധ്യയനവർഷം നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ കേരളാ റീജിയനിൽ ഒന്നാം സ്ഥാനം നേടിയ ആർദ്ര ബി.എസ്. നന്തൻകോട് ഹോളി ഏഞ്ചൽസ് സ്കൂളിലെ അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. പിതാവ്: ഡോ. സെജിൻ ചന്ദ്രൻ, മാതാവ്: ഡോ. ബിനിത സെജിൻ



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എസ്.സി.സുവോളജി ഡിസ്റ്റിംഗ്ഷനോടെ വിജയിച്ച സൗമ്യ ഡാനിയേൽ.
പിതാവ്: റോസ് മിലൻ ഡാനിയേൽ
മാതാവ്: റാണി പത്മകുമാരി.

## സംഘടനാ ഭാരവാഹികൾ 2014

**സ്ത്രീജനസഖ്യം:** ഇവാഞ്ചലിൻ സുഗുണൻ (വൈസ് പ്രസിഡന്റ്), സാലിമാ ബെൻ (സെക്രട്ടറി), ലതാ ജോബ് (ട്രഷറർ), ബീനാ വിൻഫ്രഡ് (അക്കൗണ്ടന്റ്), ദയാ റസാലം, അനിതാ പ്രദീപ്, ശാന്താ ജഗദാസ്, വസന്താ ജോൺസൺ, വിമലാ ജെയിംഗ് (കമ്മറ്റി അംഗങ്ങൾ)

**സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്:** വി. ജസ്റ്റിൻ (വൈസ് പ്രസിഡന്റ്), പ്രൊഫ.പി. രാജപ്രസാദ് (ജനറൽ സെക്രട്ടറി), ഇ.എച്ച്.ജോൺസ് (ജോയിന്റ് സെക്രട്ടറി), ഇ. മദൻദേവ് (പ്രോഗ്രാം കോ-ഓർഡിനേറ്റർ), ലളിതാ ജയകുമാർ (ട്രഷറർ).

**യംഗ് ഫാമിലി ഫെല്ലോഷിപ്പ്:** സി.എൽ. ലാൽ (വൈസ് പ്രസിഡന്റ്), ഡോ.സിന്ധുജ സുരേഷ് (സെക്രട്ടറി), അനിൽ ഡബ്ല്യു ഡേവിഡ് (പ്രോഗ്രാം കോ-ഓർഡിനേറ്റർ), അനിൽ കുമാർ (അക്കൗണ്ടന്റ്), ബിനു ജോൺസൺ, സെൻ എഡ്വിൻ, അനിലാ ജോഷി, പ്രിയാ ജോയി (കമ്മറ്റി അംഗങ്ങൾ).

**ചർച്ച് ക്വയർ:** ഡോ. സാംസൺ നേശയ്യ (വൈസ് പ്രസിഡന്റ്), നവീൻ സാം (സെക്രട്ടറി), ധർമ്മകുമാർ (ജോയിന്റ് സെക്രട്ടറി), അജയ വിൽസ് (അക്കൗണ്ടന്റ്), ക്രിസ്റ്റഫർ റോസ് (ഇന്റേണൽ ഓഡിറ്റർ), സ്റ്റാൻലി വിൽസൺ, എസ്.ആർ.കെ.റസാലം, റോബർട്ട് സിംഗ്, ജ്യോതി സത്യനേശ്, ബിന്ദു സാബു, ഗേളി ആൻസലം (കമ്മറ്റി അംഗങ്ങൾ)

## മെൻസ് ഫെല്ലോഷിപ്പ്

നമ്മുടെ മഹായിടവക പുതുതായി രൂപീകരിച്ച മെൻസ് ഫെല്ലോഷിപ്പിന്റെ സഭാതല ഉദ്ഘാടനം ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച രാവിലെ 8 മണിക്കുള്ള ആരാധനയിൽവെച്ച് ഡോ.ആർ.എൽ.രാഗ് നിർവ്വഹിക്കും. ആദ്യ യോഗം അന്നേദിവസം വൈകിട്ട് 6 മണിക്ക് നമ്മുടെ ദേവാലയത്തിൽവച്ച് നടക്കുന്നതാണ്. 35 വയസ്സിന് മേൽ പ്രായമുള്ള എല്ലാ പുരുഷന്മാർക്കും ഇതിൽ അംഗങ്ങളാകാവുന്നതാണ്. ഡോ. ജോൺ സജിത് എഡ്വിൻ (ഫോൺ: 98470 40490) കൺവീനറായി പ്രവർത്തിക്കും.

# CHURCH VOICE

12th year of publication

**MARCH 2014**


**CHIEF EDITOR**

Rev. C.R. Vincent

**EDITOR**

R. Sajan Samson

**EDITORIAL BOARD**

Rev. Dr. L.E. Sahanam
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas



**ADDRESS:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month


Church Voice can be read online at our website

www.mateermemorialchurch.com

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C. R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

## *From the Presbyter's desk*



Theme of the year:

**Pastoral Ministry in the Urban context**

'Enable the congregation to bear witness'.

Dearly beloved in the Lord,

I am greatly delighted in greeting you in the name of our Lord and Saviour Jesus Christ.

**Golden verse of the month:**

'And who is he that will harm you, if you be followers (zealous) of that which is good?' (1 Peter.3:13)

**സ്വർണ്ണ വാക്യം:**

'നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്ക്കാന്തിയുള്ളവർ ആകുന്നു എങ്കിൽ നിങ്ങൾക്ക് ദോഷം ചെയ്യുന്നവൻ ആർ?' (1 പത്രൊ.3:13)

The cross is central to the Gospel (1 Cori.1.17-25). It is the good news of God's grace, the good news of salvation and the wisdom of God. In Matthew 5:16, our Lord says, 'let your light shine before people, so that they will see the good things you do and praise your father in heaven'. As citizens of India, we Christians must reflect Jesus in our lives and live as a living example with out good deeds for Jesus Christ (1 Peter.2:15). Indians generally have a positive attitude towards Christianity. People who believe in other faiths are always helping us to do good to others. The Lord Almighty asks: 'who will go on my behalf? Whom shall I send?' (Isiah.6:8). As a congregation of responsible believers, it is our prime duty to tell the gospel of good news to all people. As far as missionary works are concerned, 90% work is done only among Christians. As responsible citizens of the kingdom of God, we are responsible to give light to the people who are in darkness. Without preaching, how will the people hear the Gospel? (Rom.10:14). So, either we should go as missionary or we must send some people as missionaries. 'Every Christian must work as a missionary, considering each and every non-Christian as a mission field.' The book of Prophet Ezekiel 3:11 says, whether they pay attention or not, you must tell about salvation to the unreached all over the world. This is the way of doing good deeds, by which our Lord and Saviour Jesus Christ attracted everybody (1 Peter.2:20,21). This is the prime thing that we have to do. Combine the Gospel with out good deeds and nobody could stand against us (Rom.12:12).

Have concern for the poor as responsible persons in the sight of God. This is the way to serve God. Let us try to meet the needs of the unprivileged friends through adopting any child who is in need and give him/her education, food and shelter to cater to their social and spiritual needs.

Peter in his first epistle was a strong, aggressive, natural leader in the history of humans. He was the chief person during the time when Jerusalem was the centre of Christianity before Antioch became the centre at the time of Paul. He is not mentioned in the Acts after the council of Jerusalem (50 AD). The place of writing of this epistle was Babylon or Rome. The date of writing is not known. It is more likely that, it was written after Paul's release from imprisonment (62-63 AD). It was addressed to Christians in Asia minor at the beginning of the Neroinian persecution. It is written to strenghthen, encourage and comfort in the midst of the 'fiery - trial' they shall endure and to hold out to them their great hope. The outline of the first epistle of Peter can be divided into three on the basis of the privilige of believers in Christ.

1. Salvation in Christ (1:1-2:10)
2. Submission through Christ (2:11-4:11)
3. Service for Christ (4:12-5:14)

In this fast developing world, the poor, oppressed villagers, handicapped, orphans, those who live in poverty, victims of terrorism, violence and natural calamitites are facing many adversities. All those people are the main focus of our mission today. By the very act of the gospel, we Christians will be able to reflect Christ, the master and source of all good deeds. This was the attitude that made the people of God active in the work and mission of God on earth in the years past. We are the chosen people to work in darkness with the shining light of God, a royal priesthood, a wholy nation, a peculiar people-people of God's own posession, that we should show for the praises of him who hath called you out of darkness into His marvellous light which in time passed were not a people, but are now the pople of God: which had not obtained mercy, but now had obtained mercy (1 Peter.2:9-10). St. Francis of Assisi said: 'preach the gospel at all times. And use words, if necessary'.

For those who want to use 'words' start by asking about his/her belief focussing on the central message of the gospel, ie, 'The person and work of Jesus'. Enter into the open discussions and avoid argument. Remember that our role as witness is to be presenters, not presuaders. We are to present the gospel, lovingly and convincilgly and then allow the inner witness of the Holy Spirit to take over.

## March 5 - Ash Wednesday

The season of Lent is starting with the celebration of Ash Wednesday. It symbolically means the attitude of mind with sorrow for sins and faults. Dusting oneself with Ashes is the way of expressing the inner feelings of guilt. These outward signs are to stand for an inner repentence. Ash Wednesday marks the starting of 40 days of litergical period of prayer and fasting.

**March 7 - World Day of Prayer**

March 7th, Friday is observed as the World Day of Prayer. This year, we have to remember the people of Egypt, who are living on the banks of river Nile. Egypt is the 'Gift of Nile'. Remember the people there by praying to God, to shower His blessings and guidance on them, that they will escape from the severe droughts.

**March 9 - HMS Sunday**

This month is being set apart to remember the mission activities of the Home Missionary Society in and through the diocean churches. There are about 125 HMS Churches which were given to the diocese and they are now self supporting. This year also HMS is planning to hand over to the diocese some new Churches which were built during last year. There are urgent needs for some new Church land purchase and for building Churches. Kindly remember this and prayerfully contribute to the ministry of HMS.

**Kothalam Mission Project**

Through various measures we were able to generate about 38 lakhs for the land purchase at Kothalam. There are two major ways through which we can support this project.

**1. Cover Collection - Kothalam Sunday**

23rd February is observed as Kothalam Sunday. Covers that are distributed for this cause shall be collected back with offerings on this day. Please remember to invest a minimum of 1 months salary for this project. The amount shall be paid as lumpsom or in instalments.

**2. Interest-free loan**

As the money collected so far is not sufficient for the land purchase formalities at Kothalam, well wishers are encouraged to contribute interest free loans which shall be repaid within a few months.

**Annual Examinations**

Dear children, give more attention to your studies and prepare well, to face the forthcoming examinations. Parents, please prayerfully help the children for get ready for the examinations. May God Almighty enable us to come forward through the competitive examinations in professional and academic levels with good ranks. As pastors, we are praying for your great success.

May the peace and grace of our loving God be with us all throughout this month. With warm wishes and regards,

Yours in Christ,

**Vincent Achen**

## SECRETARY'S REPORT



Dear friends,

This year's Lenten season begins with Ash Wednesday on 5th March, 2014. Observance of lent makes our life so serene, serious and sacred. It goes further in shaping our life revived and renewed. As His choicest children, we should really repent of our sins and accept mercy and grace from our Saviour and Lord. Repentance and self-discipline lead us to the cross. Jesus Christ invites us to look at Him more clearly, love Him more dearly and follow Him more closely. A broken and a contrite heart is the need of the hour. Lent calls for a round about turn. During these days of devotion and penitence, may God help us to have a truthful introspection and return.

" Rejoice to the extent that you partake of Christ's sufferings,
that when His glory is revealed, you may also be glad with exceeding joy"
(1 Peter 4:13).

Our Diocese has initiated to formulate Men's Fellowship in all churches under the Diocese. As such, our Church committee member Dr. John Sajith Edwin is assigned as Convener of MM Church Men's Fellowship. All men of our Church are welcome to join Men' Fellowship and work towards the extension of His kingdom through innovative programmes.

The Kothalam Mission Project is indeed the prime project for this financial year. To pool in our resources, apart from the house to house financial campaign, Sunday 23rd February was set apart as Kothalam Project Sunday and offerings were received through cover collection. To properly fence the property and to raise a worship shed immediately, all church members are encouraged to contribute one month's salary for this cause. Interest free loans are also welcome. The other two church constructions presently progressing are :

(i) in Manikanteswaram Misson field (ii) in Rajasthan Mission field.

Our church member Sri. I. Gilbert has donated Rs.5 lakhs for construction of a new Church at Karimanthura Centre in the Kalvarayan hills of Salem Mission field. Rev. Sunin Spenzer is authorised to execute the work in liaison with the Missionary in Charge, Salem.

Our Pastors attended the annual Pastors' Conference arranged by the Diocese in Mysore and have returned refreshed and revitalised.

We have terminated the services of night security Mr. Thankappan from last month due to health reasons. A grant of Rs.25,000/- had been paid to him in addition to his immediate medical expenses. Mr. Purushothaman is engaged as night security for the time being.

The office - bearers of our sub-organisations have enthusiastically prepared year plans for the current year's activities. Church members - one and all, are inspired to get involved in any one of the sub-organisations of the Church suiting their age, preference and calling to fulfill the mission of God in our lives.

All communicant members of the Church are requested to remit Sangham Offering and clear dues, if any, to protect their voting right. Those bidders in Harvest Festival 2013 still in dues list are also requested to clear their dues before the end of this month without fail.

The following financial aids were extended:

**I. Marriage aid of Rs.2,000/- each to the persons listed below:**

- Mrs. Suseela C, Konniyoor CSI
- Mr. D.Sukumaran, Ettukuttty CSI
- Miss.Jeena S.G. Punalal, Vattavila CSI
- Mrs. Leela Bai, Pothencode CSI
- Mr. Rajkumar, Bonakkad CSI
- Mrs. Pushpam, Thoongampara CSI

**II. Poor Aid of Rs.1,000/- to each of following persons:**

- Mrs. Elsi A, Palode
- Mrs.Soni S, Palode

**III. Medical Aid**

- Smt.Metilda, (MMC member) - Rs.5,000/-
- Smt. Jayakumari, Attukal CSI- Rs.500/-

**IV. House Maintenance of Rs.1,000/- to each of the following persons:**

- Mrs.Jasmine Albert, Mulayara CSI
- Mrs.V.P.Santha, Kuravankonam CSI

**V. Educational Aid**

- Mr. C. Rosechandradas - Rs.1,000/-

Mrs. Lizy E. Raj, w/o our former organist Jaison E. Raj (Family No. 165), Ambala Nagar was called to eternal rest on 03/02/2014. Mrs. Litzal M (F No.1778), Meads lane, Playam (Mother of Er. C.L. Lal) was called to eternal rest on 07/02/2014 and her mortal remains were buried at her native place Chani on the next day. Please do visit the bereaved family members and extend prayers support.

Yours in the joy of the Lord,

**Dr. Christenson E. Sarasam**
Church Secretary

# നോമ്പ്

റവ. ജെ.എച്ച്. പ്രമോദ്

ക്രിസ്തീയ സഭയിൽ അന്യം നിന്ന് പോകാതെ ഇന്നും ക്രമമായി ആചരിച്ചു പോരുന്നതാണ് നോമ്പ്. ഈസ്റ്ററിന് 46 ദിവസം മുമ്പുള്ള ബുധൻ മുതൽ നോമ്പ് ആരംഭിക്കുന്നു. അതായത്, എല്ലാ വർഷവും മാർച്ച് 21 കഴിഞ്ഞ് വരുന്ന വെളുത്ത വാവിന്റെ അടുത്ത ഞായർ ആയിരിക്കും ഈസ്റ്റർ. ഞായർ ഒഴികെയുള്ള ദിനങ്ങളെ ഈസ്റ്റർ മുതൽ പിന്നിലോട്ട് എണ്ണിയാൽ വന്നെത്തുന്നത് ബുധനാഴ്ച ദിവസത്തിലായിരിക്കും. ഇതാണ് നോമ്പ് കാലത്തിന് തുടക്കം കുറിക്കുന്ന ചാമ്പൽ ബുധൻ. നോവുക, നൊമ്പരം എന്നീ പദങ്ങളോട് ബന്ധപ്പെടുത്തിയും ഉപവാസം എന്ന പദത്തിന് പര്യായമായും നോമ്പിനെ കണക്കാക്കുന്നു. വിശ്വാസപരമായ യാഥാർത്ഥ്യങ്ങൾക്ക് താങ്ങും തണലുമാകുന്ന നിരവധി അനുഷ്ഠാനങ്ങളും ആചാരങ്ങളും യുഗങ്ങളായി ക്രൈസ്തവ സഭ അനുഷ്ഠിച്ചു പോരുന്നുണ്ട്. സഭകളുടെ ദേശ-സംസ്കാരങ്ങൾക്കനുസൃതമായി ഏറ്റകുറച്ചിലുകളും, ഓരോന്നിനും അതിന്റേതായ ചരിത്രങ്ങളുമുണ്ട്. നോമ്പ്കാല ആചാരങ്ങൾ സംബന്ധിച്ച് ഇതുപോലെയുള്ള പ്രത്യേകതകൾ ഉണ്ട്. **ആത്മീയമായ വളർച്ചയ്ക്കും, സ്വയം ശിക്ഷണത്തിനും പ്രത്യേകമായ സന്ദർഭങ്ങൾ വേർതിരിക്കേണ്ടതില്ല എന്ന വാദത്തെ തള്ളിയാണ് ക്രൈസ്തവസഭ നോമ്പ് ആചരിക്കുന്നത്.** അതായത്, ആത്മാർത്ഥമായ ആത്മീയവളർച്ചയ്ക്കും, ശക്തിക്കുമായി ഒരു പ്രത്യേക കാലഘട്ടം ആവശ്യമാണ് എന്ന ചിന്തയാണ് ഇതിന് പിന്നിലുള്ളത്.

നോമ്പ് കാലത്തെ കേന്ദ്രവിഷയമായി വരുന്നത് ക്രിസ്തുയേശുവിന്റെ പീഢാനുഭവം, ക്രൂശുമരണം എന്നിവയാണ്. ധ്യാനാത്മക നാളുകളാണ് ഇത്. ഭൗതികമായ ആഘോഷങ്ങൾ, ആർഭാടങ്ങൾ സഭാതലത്തിലും ഗൃഹങ്ങളിലും വ്യക്തി ജീവിതങ്ങളിലും ഒഴിവാക്കപ്പെടുന്നു. പഴയനിയമകാലം മുതൽക്കേ തന്നെ നോമ്പ് കാലം അനുതാപത്തിന്റെ പ്രതീകമാണ്. അവയും കണക്കിലെടുത്ത് ജീവിതക്രമങ്ങൾ രൂപപ്പെടുത്താറുണ്ട്. മത്സ്യമാംസാഹാരങ്ങൾ പോലും ഉപേക്ഷിക്കുന്നു. പ്രാർത്ഥന, വചനപഠനം എന്നിവയ്ക്കായി അധികസമയം കണ്ടെത്തുന്നു. ചുരുക്കത്തിൽ ആർഭാടവും, ആഘോഷങ്ങളും വെടിഞ്ഞ് ആത്മീയമായ അന്തരീക്ഷത്തിൽ മുഴുകുന്നു എന്നതാണ് നോമ്പ് കാലത്തിൽ ചെയ്യുന്നത്. പുറമേ വിവിധ സഭകൾ നിഷ്ക്കർഷിക്കുന്ന ആചാരരീതികളിലും അതിനോടൊപ്പം വരുന്നു. ഇതനുസരിച്ച് ശുദ്ധീകരിക്കപ്പെട്ട ചാമ്പൽ കൊണ്ട് അനുതാപത്തിന്റെ അടയാളമായി സ്മരിച്ചു കൊണ്ട് നെറ്റിയിൽ കുരിശ് വരയ്ക്കുക, ഭക്തിയോടെ ചാരം കൈവെള്ളയിലെടുത്ത് 'നീ പൊടിയാകുന്നു, പൊടിയിലേക്ക് ചേരും' എന്ന വാക്കുകൾ ഓർത്ത് കൊണ്ട്സ്വന്തം തലയിലിടുക, ഇങ്ങനെ പലതും.

## നോമ്പിന്റെ വർത്തമാനകാല പ്രാധാന്യം

നോമ്പ് ആചരണം ക്രിസ്തീയ സഭയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. യേശു ഇതിനെ 'ഉപവാസം' എന്നാണ് വിശേഷിപ്പിക്കുന്നത്. യേശു തന്റെ സ്വകാര്യ ജീവിതത്തിലും പഠിപ്പിക്കലിലും ഉപവാസത്തിന് പ്രാധാന്യം നൽകി. പഴയ നിയമത്തിൽ നോമ്പ് ആചരണം എന്നതിന് പിന്നിലെ ഉദ്ദേശലക്ഷ്യങ്ങൾ തന്നെയാണ് ഉപവാസത്തിന് പിന്നിലും ഉള്ളത്. ഇന്നും ചാമ്പൽ ബുധൻ മുതൽ ഉള്ള ആ വിശുദ്ധ ദിനങ്ങളെ നോമ്പ് കാലം എന്ന് തന്നെ പറയുന്നു. അടിസ്ഥാന ലക്ഷ്യങ്ങളെല്ലാം ഒന്നുതന്നെ.

എന്തെല്ലാം വിശദീകരണങ്ങൾ നൽകിയാലും അതാത് സഭകളുടെ പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം രീതികളിലൂടെ ആചരിക്കപ്പെട്ടാലും അടിസ്ഥാനലക്ഷ്യം വിസ്മരിക്കാനാകില്ല.

**1. ഒരു നവീകരണത്തിനായുള്ള ഉയർത്തെഴുന്നേൽപ്പാണ് നോമ്പ് കാലം**

വർത്തമാനകാലത്തെ നോമ്പ് ആചരണത്തിൽ (ഉപവാസത്തിൽ) കൂടുതൽ ശ്രദ്ധിക്കപ്പെടുന്നതും പ്രാധാന്യം വരുന്നതും **വചനപഠനം, പ്രാർത്ഥന, മാനസാന്തരത്തിനായുള്ള ഒരുക്കം** എന്നിവയാണ്. വചനപഠനം വഴി ദൈവഹിതം അറിയാനും ദൈവസാമീപ്യം ഉൾക്കൊള്ളാനുമുള്ള കഴിവ് കൈവരുന്നു. പ്രാർത്ഥനയും ധ്യാനവും ഒക്കെ ഒറ്റയ്ക്കായാലും കൂട്ടമായിട്ടായാലും അത് ശക്തിപ്പെടുത്തുന്ന അനുഭവങ്ങളാണ്. തിരക്ക് പിടിച്ച തന്റെ പ്രവർത്തനങ്ങൾക്കിടയിൽ യേശുവിനെ ശക്തനാക്കിയതും പ്രാർത്ഥനയുടെ പിൻബലമാണല്ലോ. മാനസാന്തരത്തിനായി നമുക്ക് ഒരുങ്ങാൻ കഴിയുന്നത് പ്രാർത്ഥനയിലൂടെയും വചനപഠനത്തിലൂടെയും ലഭിക്കുന്ന ആത്മീയദർശനത്താലാണ്. ഇവയൊക്കെ ഒരു വിശ്വാസിയെ നവീന ദർശനമുള്ള ജീവിതത്തിലേക്ക് എഴുന്നേൽപ്പിക്കപ്പെടുന്നു എന്ന് നമുക്ക് നിസ്സംശയം പറയാനാവും.

**2. വർത്തമാനകാലത്തെ വിലയിരുത്തി ഭാവികാലത്തെ പ്രതീക്ഷയോടെ സമീപിക്കാനുള്ള ഒരുക്കം നൽകുന്നു നോമ്പ് കാലം**

ഇന്ന് ലഭിക്കുന്ന അടിസ്ഥാനവും ശക്തിയുമാണ് ഓരോ വ്യക്തിയെയും (വിശ്വാസിയുടെ) നാളത്തെ കരുത്തും ധൈര്യവുമായി പരിണമിക്കുന്നത്. നോമ്പ് കാലം എന്ന 40 നാൾ കേവലം കുറച്ച് നാളുകളായിരിക്കാം. ജീവിതത്തിന്റെ കനത്ത തിരക്കുകളും സമ്മർദ്ദങ്ങളും ക്രമീകൃതമായ ദൈവബന്ധത്തിൽ നിന്ന് ഇന്ന് (എന്നും) അകറ്റുന്നുണ്ട്. **നമ്മുടെ ഇന്നത്തെ തകർച്ചയ്ക്ക് നമ്മിലെ ഉത്തരവാദിയെ തിരിച്ചറിയാൻ വ്യക്തമായ വചനബന്ധമല്ലാതെ മറ്റെന്താണ് ഇന്ന് സഹായിക്കുന്നത്!** അത് പരിഹരിക്കാനുള്ള ശക്തിക്ക് വചനത്തിലൂടെയും പ്രാർത്ഥനയിലൂടെയും നമുക്ക് മുന്നേറാൻ കഴിയുമ്പോൾ നമ്മിലെ ദൈവമകൻ (വിശ്വാസി) ശക്തിപ്പെടും. ഇന്നത്തെ നിരാശയും അപ്രാപ്തിയും നശിച്ച് ശുഭപ്രതീക്ഷയോടെ മുന്നോട്ട് പോകാൻ കഴിയും.

### 3. ദൈവസ്നേഹത്തിൽ മുന്നേറുവാനുള്ള ശക്തി

മനുഷ്യന്റെ പിന്നാമ്പുറമ്പിൽ ഇന്നും പാപത്തിന്റെ സ്വഭാവങ്ങൾ ശക്തിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പാപവഴികളെ വിട്ടുകളയുവാൻ കഴിയുന്നില്ല. ക്രൂശിതനോടൊപ്പമുള്ള നമ്മുടെ പ്രയാണം ഉയിർപ്പിന്റെ പുതുജനനം നമുക്ക് അവകാശമാക്കിത്തരുന്നു. അതിരുകളില്ലാത്ത ഒരു സമൂഹനിർമ്മിതിയാണ് യേശു ലക്ഷ്യമിടുന്നത്. നമ്മെ അടിമപ്പെടുത്തിയിരിക്കുന്ന വചനവിരുദ്ധമായ കീഴ്വഴക്കങ്ങളെ അതിജീവിക്കുന്ന അവസരം എന്ന നിലയിൽ ജീവിതവിശുദ്ധീകരണത്തിന്റെ പാതയാണ് നോമ്പ് കാലം തുറന്നു തരുന്നത്. നമ്മൾ പാപിയായിരിക്കേ നമ്മെ തേടിയെത്തിയതാണ് ദൈവസ്നേഹം. അതിന്റെ ഫലമാണ് ക്രിസ്തുവിന്റെ ത്യാഗത്തിൽ നമ്മൾ കാണുന്നതും അനുഭവിക്കുന്നതും. നോമ്പ് കാലത്തിൽ നമ്മൾ വചനാനുസൃതം ഗുണപരമായി കൈക്കൊള്ളുന്നവയെല്ലാം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നു. നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ച് മുന്നേറാനുള്ള ശക്തി ഈ കാലത്തെ അനുഭവങ്ങൾ നമുക്ക് തരുന്നു.

### 4. മാനസാന്തരവും ദൈവഹിതത്തിന് സ്വയം സമർപ്പിക്കുന്നതുമായ ജീവിതത്തിനുള്ള ഒരുക്കം

മാനസാന്തരം കൂടാതെ ഒരു ക്രിസ്തീയ ജീവിതം സാദ്ധ്യമല്ല. **ദൈവത്തോടും സഹമനുഷ്യരോടുമുള്ള ബന്ധത്തിൽ കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച തകരാറുകൾ തിരിച്ചറിയുന്നതാകണം നമ്മുടെ ജീവതം. അർത്ഥവത്തായ നോമ്പ് ആചരണം അതിന് നമ്മെ സഹായിക്കും.** മാനസാന്തരം എന്നത് ഓരോ നിമിഷവും നമ്മിൽ സംഭവിച്ച് കൊണ്ടിരിക്കേണ്ട ദൈവഹിതമായ പ്രവൃത്തിയാണ്. ദൈവഹിതത്തിന് നമ്മെ തന്നെ സമർപ്പിക്കുന്നതിന് മാനസാന്തരമില്ലായ്മ തടസ്സമാണ്. നമ്മുടെ ശരിയായ ആത്മീയവളർച്ച മാനസാന്തരത്തിൽ അധിഷ്ഠിതമാണ്. ക്രിസ്തുവിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന രക്ഷയുടെ സന്ദേശം ലോകത്തിന് പകരുവാൻ നമുക്ക് വിളിയും ഉത്തരവാദിത്ത്വവുമുണ്ട്. അത് ഉണരുവാൻ യഥാർത്ഥ നോമ്പ്കാല അനുഷ്ഠാനം നമ്മെ സഹായിക്കുമെന്നതിൽ സംശയമില്ല. വചനാനുസൃതം നമുക്ക് ലഭിച്ചിരിക്കുന്ന ഉപദേശം സത്യങ്ങളുടെ സംരക്ഷണത്തിനായി നിലകൊള്ളുവാനും നോമ്പിലൂടെ ലഭിക്കുന്ന ഊർജ്ജം നമ്മെ സഹായിക്കും.

ബാഹ്യാചാരങ്ങളുടെ ഘോഷങ്ങളിൽ മുങ്ങിത്തപ്പുന്ന ആധുനിക മതജീവിതത്തിന് ഒരു മറുപടി എന്നവണ്ണം നമ്മുടെ നോമ്പ് കാലം ശക്തിപ്പെടുമെങ്കിൽ, അഥവാ ശക്തിപ്പെടുത്തുവാൻ കഴിയുമെങ്കിൽ അതിനായി മനസ്സ് ഒന്ന് ഏകാഗ്രമാക്കാൻ ശ്രമിക്കുമെങ്കിൽ നമ്മുടെ നോമ്പ് ആചരണം അർത്ഥവത്തായി മാറുമെന്നതിൽ സംശയമില്ല.

*Author: Rev. J.H.Pramod, Zucker Memorial Lutheran Church, Kavadithalakkal, Manikandeswaram P.O., Trivandrum-13*

# നോമ്പ് എന്നാൽ എന്ത്? ആർക്ക് വേണ്ടി?

**റവ. എ.ആർ. സുശീൽ**
(കെ.യു.റ്റി. സെമിനാരി, കണ്ണമ്മൂല)




നൊയമ്പ് എന്ന പദത്തിന് വ്രതം, ഉപവാസം എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത്. അതിന് 'ശരീരം, വാക്ക്, മനസ്സ് എന്നീ ത്രിവിധ കരണങ്ങളെക്കൊണ്ടുള്ളതും അനന്യപരമായ സേവയോട് കൂടിയതുമായ നിഷ്ഠം; ശരീര മനസ്സുകളെ പാകപ്പെടുത്തുന്ന നിഷ്ഠാവിശേഷം; അനുഷ്ഠാനം; ജീവിതരീതി; നിയമം; കർത്തവ്യം' എന്നീ വിശദീകരണങ്ങളാണ് കൊടുത്തിരിക്കുന്നത്.

Lent എന്നതിന് Encyclopedia of Britannicaയിൽ A period of penitential preparation for Easter എന്നാണ് വിശദീകരണം കൊടുത്തിരിക്കുന്നത് (ഉയിർപ്പ് ഞായറിനുള്ള അനുതാപപരമായ ഒരുക്കം). അപ്പോസ്തലന്മാരുടെ കാലം മുതൽ ഉയിർപ്പ് ഞായറിന്റെ ഒരുക്കമായി നൊയമ്പ് ആചരിക്കുന്നു. ഉയിർപ്പ് ഞായറിൽ സ്നാപന ശുശ്രൂഷ നടത്തിയിരുന്നു. അതുകൊണ്ട് സ്നാപനത്തിന് ഒരുങ്ങുന്ന സ്ഥാനാർത്ഥികളുടെ ഒരുക്കത്തിനും, പാപികളുടെ മനംതിരിവിനുമായി ഈ കാലം മാറ്റിവെച്ചിരുന്നു. ആദ്യ നൂറ്റാണ്ടുകളിൽ നൊയമ്പ് നിയമങ്ങൾ വളരെ കർശനമായിരുന്നു, പാശ്ചാത്യസഭയിൽ ക്രമേണ നിയമം അയഞ്ഞുവന്നു. Lent എന്ന ഇംഗ്ലീഷ് പദം Lencten എന്ന പദത്തിൽ നിന്ന് ഉത്ഭവിച്ചതാണ്. മുളയ്ക്കുക, വസന്തകാലം എന്നെല്ലാമാണ് ഈ വാക്കിന്റെ അർത്ഥം. നൊയമ്പ് കാലം പുതിയ ആത്മീയ വളർച്ചയുടെ കാലമായി കാണണം.

## വേദപുസ്തക അടിസ്ഥാനം

മോശ 40 ദിവസം പർവ്വതത്തിൽ ദൈവസന്നിധിയിൽ കഴിച്ചുകൂട്ടി. ഇസ്രായേൽ ജനം 40 വർഷം സീനായ് മരുഭൂമിയിൽ നടന്നു. എലീശ 40 ദിവസം തുടർച്ചയായി നടന്നു. നോഹയുടെ പെട്ടകത്തിന് പുറത്ത് 40 രാവും 40 പകലും മഴപെയ്ത് ജലപ്രളയം ഉണ്ടായി. കർത്താവ് 40

ദിവസം മരുഭൂമിയിൽ ഉപവസിച്ചു. കർത്താവിന്റെ കഷ്ടാനുഭവങ്ങളോട് ഏകീഭവിക്കുന്നതിന്റെ അടയാളമായിട്ടാണ് നോമ്പ് ആചരിക്കുന്നത്.

## നൊയമ്പ് ആചരണത്തിന്റെ പ്രത്യേകതകൾ

### ഉപവാസം

മതകാര്യങ്ങൾക്കായി നിശ്ചിതകാലത്തേക്ക് ആഹാരം വർജ്ജിക്കുന്നതാണ് ഉപവാസം എന്ന് ബൈബിൾ വിജ്ഞാനകോശത്തിൽ നിർവ്വചിച്ചിരിക്കുന്നു. ഭക്ഷിക്കാതിരിക്കൽ, സമീപത്ത് വർത്തിക്കൽ എന്നെല്ലാം ഈ വാക്കിന് അർത്ഥമുണ്ട്. വേദപുസ്തകത്തിൽ ദു:ഖം പ്രകടിപ്പിക്കുന്നതും, പ്രിയപ്പെട്ടവരുടെ രോഗശമനത്തിനും, വ്യക്തിപരമായ പാപവിമുക്തിക്കായും, സമൂഹത്തിന്റെ ആത്മീക വളർച്ചയ്ക്കായും സഭ മുഴുവൻ ഉപവസിച്ചു (ലേവ്യ.16:29-34). മാത്രമല്ല, ഉപവസിക്കുന്നവർ ചണവസ്ത്രം ധരിക്കുക, വസ്ത്രം കീറുക, തലയിൽ ചാരം വാരിയിടുക, ചെരിപ്പില്ലാതെ നടക്കുക, ഇവ സാധാരണയായി അനുഷ്ഠിച്ചിരുന്നു. ഭക്ഷണനിയന്ത്രണം വരുത്തുമ്പോൾ ആഹാരമില്ലാത്തവരുടെ വേദന അറിയണം. കർത്താവ് ഉപവാസത്തിന്റെ രഹസ്യസ്വഭാവം നിലനിർത്തുവാൻ ആഹ്വാനം ചെയ്തു (മത്താ 6.17-18). ഉപവാസത്തിന്റെ പ്രകടിത ഭാവത്തേക്കാൾ രഹസ്യവും, ആത്മീകവുമായ പ്രാധാന്യം മനസ്സിലാക്കി അനുഷ്ഠിക്കണം. കഷ്ടപ്പെടുന്നവരെ സഹായിക്കാൻ മനസ്സിൽ പ്രേരണയുണ്ടാകണം.

### പ്രാർത്ഥനയും ധ്യാനവും

കൂടുതൽ സമയം പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി മാറ്റിവെയ്ക്കണം. 40 ദിവസം ചെയ്തിട്ട് പ്രാർത്ഥനയും ധ്യാനവും ഉപേക്ഷിക്കുന്നത് നല്ല പ്രവണതയല്ല. **ആത്മപരിശോധനയും, ആന്തരിക വിശുദ്ധീകരണവും സംഭവിക്കാത്ത പ്രാർത്ഥനയും, ധ്യാനവും അർത്ഥശൂന്യമാണ്. നോമ്പ് കഴിയുമ്പോൾ വ്യക്തിപരമായി ജീവിതത്തിൽ ചില മാറ്റങ്ങൾ സംഭവിക്കണം.** ദൈവവചന പാരായണം ആത്മീക അഭിവൃദ്ധിക്ക് പ്രേരണയാകണം. ഞാൻ ചെയ്യുന്നത് ശരിയാണോ? എന്ന ചോദ്യം സ്വയം ചോദിക്കണം.

Reflections of Lent എന്ന ലേഖനത്തിൽ സാമുവേൽ റയൺ ഇങ്ങനെ നൊയമ്പിനെ വിശദീകരിക്കുന്നു. കർത്താവിന്റെ കഷ്ടാനുഭവത്തെ ഓർക്കുന്നതിനും മാനിക്കുന്നതിനും സ്നേഹത്തോടും സൂക്ഷ്മമായും അതിനോട് താദാത്മ്യപ്പെടുന്നതിനുമാണ് നൊയമ്പ് ആചരിക്കുന്നത്. ഇത് അനുകമ്പയിലേക്കും, പശ്ചാത്താപത്തിലേക്കും നയിക്കണം. കർത്താവിന്റെ കഷ്ടാനുഭവം ഒരു ഭൂതകാല സംഭവമാണ്. വൈകാരികമായി ആ വേദന ഏറ്റെടുക്കുന്നതിന് പകരം ചരിത്രത്തിലെ യാഥാർത്ഥ്യത്തോട് പ്രതികരിക്കുന്നതിലൂടെ നൊയമ്പ് അർത്ഥവത്തായി ആചരിക്കാം. നമ്മുടെ കാലത്തുള്ള കാൽവരിയും, ഗദ്ശമനയും തിരിച്ചറിയാൻ നോമ്പ് സഹായിക്കും. ക്രൂശിക്കപ്പെട്ടവരോടൊപ്പം നിൽക്കാൻ കഴിവു

ണ്ടാകും. വിശപ്പും, കണ്ണീരും ഉള്ളവരോടൊപ്പം പങ്കാളികളായി അവരെ വിമോചിപ്പിക്കാൻ ശക്തിയുള്ളവരായി മാറാം. ദരിദ്രരുടെ കഷ്ടതയിൽ ക്രിസ്തുവിന്റെ വീണ്ടെടുപ്പ് പകരാൻ നൊയമ്പ് ശക്തി തരുന്നു. മരണത്തിന്റെ താഴ്‌വരയിൽക്കൂടി പോകുന്നവർക്ക് പ്രതീക്ഷയും, മൂല്യവും പകർന്നു കൊടുക്കുന്നതാണ് (കുട്ടികൾ, സ്ത്രീകൾ, ദളിതർ, അന്യഥാ കഴിവുള്ളവർ) നൊയമ്പ്.

**ഉപസംഹാരം**

ഓർക്കുക, നൊയമ്പ് മുമ്പെന്നെത്തേയുംകാൾ പ്രസക്തിയുള്ളതായി മാറുന്നു. വിശുദ്ധീകരണം സഭയിലും, സമൂഹത്തിലും, കുടുംബങ്ങളിലും വ്യക്തിപരമായ ജീവിതത്തിലും ആവശ്യമായിരിക്കുന്നു. **സ്വയം അറിയുന്നതിനും, സഹജീവികളുടെ വേദന മനസ്സിലാക്കുന്നതിനും, ദൈവത്തോട് അടുക്കുന്നതിനും ഇത് നല്ലതാണ്.** നൊയമ്പിന് ഇഷ്ടപ്പെടുന്നതെന്തും ഉപേക്ഷിക്കാൻ മനസ്സിന് ആത്മനിയന്ത്രണം വളർത്തിയെടുക്കണം. ഭക്ഷണകാര്യത്തിൽ നിയന്ത്രണമുണ്ടാകുമ്പോൾ ആത്മവിശുദ്ധി മാത്രമല്ല ആരോഗ്യവും മെച്ചപ്പെടും. ദാരിദ്ര്യം കൊണ്ട് മരിക്കുന്നതിന്റെ എത്രയോ ഇരട്ടി ആളുകൾ അമിതഭക്ഷണം കൊണ്ട് മരിക്കുന്നു. എല്ലാ വായനക്കാരും സന്തോഷത്തോടെ നൊയമ്പ് ആചരിക്കും എന്ന വിശ്വാസത്തോടെ നിർത്തുന്നു.



# പ്രതിവാര ധ്യാനം

മാർച്ച്, 2014

മാർച്ച് 02, 2014, ഒന്നാം ഞായർ

**വിഷയം: നോമ്പ്-സൃഷ്ടിയുടെ രൂപാന്തരത്തിന്റെ കാലഘട്ടം**

യെശ.44:21-28, സങ്കീ.6, റോമ.11:13-24, യോഹ.2:1-11

മാർച്ച് 09, 2014, എച്ച്.എം.എസ്. ഞായർ

**വിഷയം: ശുദ്ധമാക്കുന്ന ക്രിസ്തു**

സെഖ.13:1-9, സങ്കീ.130, യോഹ.1:5-10, മർക്കൊ.1:40-45

മാർച്ച് 16, 2014, മൂന്നാം ഞായർ

**വിഷയം: ക്ഷമിക്കുന്ന ക്രിസ്തു**

ഉൽപ്പ.4:8-16, സങ്കീ.25, റോമ.5:6-11, മർക്കൊ.2:1-12

മാർച്ച് 23, 2014, നാലാം ഞായർ

**വിഷയം: സ്വീകരിക്കുന്ന ക്രിസ്തു**

ഹൊശ.2:14-23, സങ്കീ.87, ഫിലി.1:1-21, മത്താ.15:21-28

മാർച്ച് 30, 2014, അഞ്ചാം ഞായർ

**വിഷയം: വിമോചിപ്പിക്കുന്ന ക്രിസ്തു**

പുറ.3:1-10, സങ്കീ.82, ഗലാ.5:1-12, ലൂക്കൊ.13:10-17

# നോമ്പിന്റെ ആധുനിക പ്രസക്തി

പ്രൊഫ. അന്നമ്മ എബ്രഹാം

"നിങ്ങൾക്കു ഇനിയും ഒരു മാസം കൂടി മാത്രമേ ആയുസ്സുള്ളൂ. അത്രയും കഠിനമായി കഴിഞ്ഞു നിങ്ങളുടെ രോഗം". ഡോക്ടറുടെ ഈ വാക്കുകൾ ശ്രവിച്ച മാത്രയിൽ തന്നെ അതിദു:ഖിതനായി തീർന്ന രോഗി ആഹാരം ഒന്നും കഴിക്കാതെ ആയി. അത്ഭുതമെന്ന് പറയട്ടെ, തന്റെ രോഗത്തിനു ശമനം കിട്ടിയതായി തോന്നിയ നമ്മുടെ രോഗി വീണ്ടും പരിശോധന നടത്തിയപ്പോൾ (രണ്ടാഴ്ചയ്ക്കു ശേഷം) തന്റെ രോഗം പാടെ മാറിയതായി കണ്ടു. ഇതു യഥാർത്ഥമായി നടന്ന ഒരു സംഭവമാണ്. പ്രകൃതി ചികിത്സക്കാരുടെ ഭാഷയിൽ ഏതു രോഗത്തിനും ഒറ്റമൂലി ഉപവാസമാണ്.

| | | |
|---|---|---|
| നാലു നേരം ഭക്ഷണം കഴിക്കുവൻ | - | ദ്രോഹി |
| മൂന്നു നേരം ഭക്ഷണം കഴിക്കുവൻ | - | രോഗി |
| രണ്ടു നേരം ഭക്ഷണം കഴിക്കുവൻ | - | ഭോഗി |
| ഒരു നേരം ഭക്ഷണം കഴിക്കുവൻ | - | യോഗി |

യോഗീശ്വരരുടെ ആരോഗ്യ രഹസ്യങ്ങളും ദീർഘായുസ്സും മിതരീതിയിലുള്ള സസ്യാഹാരവും ഉപവാസവും തന്നെ. നോമ്പ് ആത്മാവിന് ഭക്ഷണമാണ് എന്ന് 'വലിയ ഡോക്ടറു'ടെ പ്രതിനിധിയായ പുരോഹിതൻ പറഞ്ഞാൽ ആരു കേൾക്കാൻ? അതേ സമയം കൊച്ചു ഡോക്ടർ ചികിത്സയായി പാൽ, മുട്ട, ഇറച്ചി, നെയ്യ്, പഞ്ചസാര തുടങ്ങിയവ ഉപേക്ഷിക്കണം എന്നു പറഞ്ഞാലോ? ഭക്ഷണരീതി ഉടൻ തന്നെ ക്രമീകരിക്കും. വൃക്ഷങ്ങൾ പലതും കാലാകാലങ്ങളിൽ ഇലപൊഴിക്കുന്നില്ലേ? പക്ഷിമൃഗാദികളും ഇടയ്ക്കിടെ ഭക്ഷണം വെടിയുന്നുണ്ട്. പക്ഷേ വിവേകമതിയായ മനുഷ്യനോ? അവനു നാലു നേരം ഭക്ഷണം വേണം, മൂന്നു പോലും പോരാ. നോമ്പനുഷ്ഠിക്കാൻ സാദ്ധ്യമല്ല തന്നെ. ഈ നോമ്പു നിക്ഷേധം ഏദൻ തോട്ടത്തിൽ തുടങ്ങിയതാണ്. ആദാമിനെ വീണ്ടെടുക്കുവാൻ മനുഷ്യാവതാരം ചെയ്ത നമ്മുടെ ദൈവം തമ്പുരാൻ നോക്കിയ നോമ്പ് അവനവന്റെ കഴിവനുസരിച്ച് നോക്കുക. രോഗം ശമിക്കും, ആരോഗ്യം വർദ്ധിക്കും, ദീർഘായുസ്സും ഉണ്ടാകും. ഇത് പലരുടെയും അനുഭവമാണ്. അതെ, ആത്മാവിന്റെ പോഷണത്തിനും, മാനസിക ഉല്ലാസത്തിനും, ശാരീരിക രോഗശമനത്തിനും എല്ലാം ഉള്ള ഒറ്റമൂലിയാണ് നോമ്പും, ഉപവാസവും പ്രാർത്ഥനയും ചേർന്നുള്ള ജീവിതരീതി. സന്ദേഹം വേണ്ട തന്നെ!

(കടപ്പാട്: യു.സി.എം ബുള്ളറ്റിൻ, ഏപ്രിൽ 2008)

# An Attitude of Praise

Bejoy Peter

In Old Testament times the people of God brought animal sacrifices to the temple. These sacrifices pointed to the great sacrifice of Jesus, the Lamb of God on the cross of Calvary. Now no more sacrifices for sin is left. The only sacrifice that we are asked to continually bring to God is praise (Hebrews 13:5).

Praising God comes from a thankful heart. We are commanded to give thanks in all circumstances (1 Thessalonians 5:18). It is not easy in difficult situations in life. Yet if we choose an attitude of praise, God will help us to walk confidently in spite of the troubles that surround us.

Praising God helps us to see life's situations from God's perspective. As Corrie ten Boom used to point out, we often look at things as if seeing them from the underside of an embroidered cloth. The different coloured threads make no sense when seen from the underside. But when we have an attitude of praise, God helps us to see our life from his side. We see from there a beautiful pattern emerge.

Praising God enables us to worship him better. As we read the book of Revelation we see heaven open and there is a thundering sound of praise of multitudes. We hear shouts of Hallelujah. We hear cries of Holy, Holy, Holy resounding. We hear "Worthy is the Lamb, who was slain." There is no moment when heaven does not sound with praise. Therefore an attitude of praise enables us to have our hearts prepared to worship God acceptably.

Praising God pours out God's joy into our hearts. This joy is given by the Holy Spirit. And that brings God's presence near to us. The classic story of Paul and Silas in prison singing and praising God is an example. When persecuted, they responded with praise. This attitude of praise resulted in an entire household coming to know Jesus and Luke records that the jailer was filled with joy (Acts 16:34).

Praising God brings the power of God to operate in our lives in a mighty way. There are strongholds like the walls of Jericho in our hearts. When God asks us to conquer these, he also is asking us to use the weapon of praise. It was only when praise brought down the walls that the Israelites were able to rush in. These walls can be negative habits, sinful attitudes, a judgemental spirit etc. A constant attitude of praise will change a person's negative traits completely.

Praising God, as a final thought, is the one way to be unafraid of the future. When we praise God we are really acknowledging that God is in absolute control of our lives even when there are times we fail to understand his plans for our lives. An attitude of praise takes away the worry of thefuture from our lives and we learn to enjoy the present moment.

Praising God, moreover, is one way to experience the redemption of God in our lives. For we make several mistakes in our lives. As we maintain an attitude of praise God redeems the mistakes we have made in our lives. Of course, we face the consequences of our mistakes. At the same time the grace of God becomes sufficient in our lives and ultimately God will bring good out of the seeming evil.

Therefore the next time you say Hallelujah or Praise the Lord let it not be just from the lips and let it not be just from the heart; but let it be with your whole being. When burdens press and troubles crush your hearts why not try to meditate on the greatness of our God and start praising him. The burdens will lift and the joy of God will flood in!

## A Lenten Reflection



Give up complaining--focus on gratitude.
Give up pessimism--become an optimist.
Give up harsh judgments--think kindly thoughts.
Give up worry--trust Divine Providence.
Give up discouragement--be full of hope.
Give up bitterness--turn to forgiveness.
Give up hatred--return good for evil.
Give up negativism--be positive.
Give up anger--be more patient.
Give up pettiness--become mature.
Give up gloom--enjoy the beauty that is all around you.
Give up jealousy--pray for trust.
Give up gossiping--control your tongue.
Give up sin--turn to virtue.
Give up giving up--hang in there!

Poem



# The Cross

**Juliet Josephus**

The Cross on which My Saviour died
Is a symbol of sacrifice,
He gave His life upon the Cross,
Bearing the sin of all Mankind.

Oh what love was proclaimed that day,
A sinless God died to save me;
The awesome love of God was seen:
Sent His own Son to die for me.

No historical claim there be
Of such love shown by another;
Glorious ,unselfish love of God,
Sent My Saviour to die for me.

No more do I bear any sin,
He bore it on the Cross for me,
The pain He bore,the agony,
Just to save a sinner like me.

Ev'n today the world experience,
The love of God seen on the Cross,
His precious Blood had to be Shed,
The once-for-all sacrifice done.

The washing with His divine Blood
Hath cleansed me from the taint of sin,
That sin which tainted all mankind,
Leading to loss of Paradise.

None other could have borne it all:
The scourge,the lashes,crown of thorns,
The nail-piercing pain, how awesome!
Endured all for me, even me.

The Cross once a symbol of shame,
Now a symbol of victory;
Through the Cross I can reach again,
Almighty God who gave me life.

The One who hung upon the Cross
Was none but the Son of this God,
Jesus Christ bore the brunt of sin,
Removed the stain of sin from Man.

The Cross declares the finished work,
For which the Saviour came to die,
'It is finished!' He did cry out
When on the Cross He gave His life.

It means no more sin I carry,
Jesus nailed them all on the Cross,
It means I know where I shall go
When my race here on earth is run.

No more death a fright'ning event,
The grave cannot hold my freed soul,
For though they laid Him in the tomb,
The tomb could not hold Jesus in.

Victorious over Death and Hell,
He's seated now at God's right Hand
From whence He shall come to take us,
All who believe and work for Him.

*"He does the most for God's great world*
*who does the best in his own little world"*

# Trust in the Lord - Dear Students

Arul John Ebenezer

The only survivor of a shipwreck was washed up by sea waves on a small uninhabited island. He trusted God and prayed fervently to rescue him from the Island, but nothing happened. Being exhausted, he managed to build a little hut to stay and store his few possessions.

A few days passed, one day after scavenging for food on the islands, he was back to his hut, and found his little hut in flames and smoke rolling up to the sky. Seeing that the worst happened, he was stunned with grief, anger and cried "God, how could you do this to me?" Crying a lot the man fell asleep, exhausted and broken.

Early the next day, he awakened to see a ship approaching the island to rescue him. He was so astonished and asked the captain "How did you know that I am here? The caption replied "we saw your smoke signal"

Dear children, this reminds all of us that we should not get discouraged and lose heart when our situations go wrong even after strong prayers and hard work. God is at work in our life, even in the midst of pain, sufferings and disappointments. "A burning hut may simply be a smoke signal to summon God's grace"

Dear Children in Christ,`

Some of you are going to finish the exams and planning for the future studies and some preparing for the exams. We all pray that the Grace of God be with all the students, especially during the exam days/ for the plans for higher studies.

Dear children, use your study time and talents in a wise and useful way. To achieve high success in the life; pray regularly, work hard and be confident in God. It has been noted that, some students lack faith in God and self confidence and develop exam fear. This leads to low outcome. Please do not lose faith and self confidence.

Who will have low esteem and less self confidence? One who does not trust in the mighty power of the Lord, not working hard, not sincere to the purpose and not effectively managing the time given by God.

So, if you accomplished the studies with prayer, faith and sincerity, no need to be dismayed about your further admissions and future life. The Lord knows what is right for you, more than anyone in this world. To receive the right

choice of the Lord in your life you may need to bear the cross of patience and wait for the Lord's time.

As you read in the incident in the beginning, a smoke signal arranged by the Lord at the right time will grace your life.

Read the Bible, get confidence in God's power, pray, plan your time effectively, work hard, study in advance and leave the rest to God. Surely, you will experience God's protection and guidance throughout your lifeRead the following Bible verses and receive confidence and faith in the Lord.

Proverbs 3;26 - For the Lord will be your confidence and will keep your foot from being snared.

1st John 3; 21,22 says If our hearts do not condemn us, we have confidence before God and receive from him any thing we ask, because we obey his commands and do what pleases Him.

2 Thessalonians 3 ;4 We have confidence in the Lord that you are doing and will continue to do the things we command.

Wish you all the best`

GOD BLESS YOU



# നമ്മുടെ വിജയം – നമ്മുടെ കൈകളിൽ

ഡോ. ശാന്തായേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

**മാർച്ച് 8. ലോകവനിതാ ദിനം**

ഇന്ന് 21-ാം നൂറ്റാണ്ടിൽ ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്ന ഭാഗ്യവതികളാണ് നാം. ആർഷഭാരത സംസ്ക്കാരത്തിൽ സ്ത്രീയെ ഭവനത്തിന്റെ വിളക്കായും ഗൃഹസ്ഥ എന്ന പദവി നൽകിയും അമ്മയെ ദൈവമായും പരിഗണിച്ചിരുന്നു. മനുസ്മൃതിയാകട്ടെ ശൈശവ ബാല്യ കൗമാരത്തിൽ പിതാവും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രനും സ്ത്രീയുടെ സംരക്ഷണം ഏറ്റെടുക്കണം എന്ന് ഉദ്ബോധിപ്പിക്കുന്നു. ഉൽപ്പത്തി 1:27-ൽ സ്ത്രീയും പുരുഷനും ഒരു പോലെ ദൈവ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ സ്ത്രി അടിമയല്ല, പുരുഷന്റെ സഹപങ്കാളി ആയിരിക്കണമെന്ന് ബൈബിൾ നമ്മെ പ്രബോധിപ്പിക്കുന്നു.

കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നമ്മുടെ മുത്തശ്ശിമാരുടെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കാം – പതിനഞ്ചു വയസ്സു മുതൽ അൻപതു വയസ്സു വരെ നീണ്ടു നിന്നിരുന്ന അവരുടെ പ്രസവകാലം, വെളുപ്പിന് പെരുമീൻ ഉദിക്കുമ്പോൾ മുതൽ പാതിരാവ് വരെ അടുപ്പിൽ കലങ്ങൾ കയറ്റിയും ഇറക്കിയും വച്ചും വിളമ്പിയും കരിയിലും പുകയിലും ഹോമിക്കപ്പെട്ട് തള്ളി നീക്കിയ ദിനരാത്രങ്ങൾ, പോഷകദരിദ്രമായ ഭക്ഷണം, അശാസ്ത്രീയമായ ആരോഗ്യരക്ഷയും സൂതികർമ്മവും അപക്വമായ ശിശുപരിപാലനവും നിമിത്തം സമ്പന്ന കുടുംബങ്ങളിൽ പോലും അടിയ്ക്കടി സംഭവിച്ചിരുന്ന മാതൃശിശു മരണങ്ങൾ കനിഞ്ഞു നൽകിയ സംഘർഷഭരിതമായ ഈ ജീവിതം എന്നിവ കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പകുതി വരെ നിലനിന്നിരുന്നു.

**ആധുനിക യുഗത്തിലെ സ്ത്രീ?**

ഇന്ന് 21-ാം നൂറ്റാണ്ടിൽ കുടുംബാസൂത്രണങ്ങളിലൂടെ നാം കുടുംബത്തിന്റെ വലിപ്പം കുറച്ചതിനാൽ പ്രസവവും ശിശുപരിപാലനവും ഒരു സ്ത്രീയുടെ മുപ്പത്തഞ്ചാം വയസ്സിന് മുൻപ് അടയുന്ന അദ്ധ്യായങ്ങൾ ആയിക്കഴിഞ്ഞു. ആധുനിക യുഗത്തിലെ സ്ത്രീകൾ സ്വതന്ത്രരാണ്, അവർക്ക് മാനസികോല്ലാസമുണ്ട്, പ്രവർത്തന വേഗതയുണ്ട്, സമയലാഭമുണ്ട്, അങ്ങനെ മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങളിലൂടെ അവൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത് കർമ്മശേഷിയുള്ള പതിറ്റാണ്ടുകൾ!

## സ്ത്രീകൾ ബുദ്ധിയില്ലാത്ത വർഗ്ഗമോ?

ഉൽപ്പത്തി പുസ്തകത്തിൽ പുരുഷന്റെ വാരിയെല്ലിൽ നിന്ന് സ്ത്രീയെ ദൈവം സൃഷ്ടിച്ചതായി നാം വായിക്കുന്നു. ഇതിന്റെ അർത്ഥം സ്ത്രീക്ക് പുരുഷന്റെ ഹൃദയത്തോട് അടുത്ത സ്ഥാനം നൽകണമെന്ന് ദൈവം ഉദ്ദേശിക്കുന്നു എന്നാണ് വേദപുസ്തപണ്ഡിതരുടെ അഭിപ്രായം. (തലയോട്ടിയിലെ അസ്ഥിയിൽ നിന്ന് സൃഷ്ടിച്ചിരുങ്കിൽ പുരുഷൻ സ്ത്രീയെ ചുമക്കേണ്ടി വന്നേക്കാമായിരുന്നു എന്നും, കാലിലെ അസ്ഥിയിൽ നിന്ന് സ്ത്രീയെ സൃഷ്ടിച്ചിരുന്നെങ്കിൽ പുരുഷൻ അവളെ ചവിട്ടി താഴ്ത്തുമായിരുന്നു എന്നും അവർ അഭിപ്രായപ്പെടുന്നു). സംഖ്യാപുസ്തകം 27:7-ൽ കുടുംബത്തിലും സമൂഹത്തിലും പുരുഷന്മാർക്ക് തുല്യമായ സ്ഥാനം സ്ത്രീകൾക്ക് ഉണ്ട് എന്ന് വ്യക്തമാക്കുന്നു.

പുതിയ നിയമ കാലത്ത് സഭയുടെ ചരിത്രം പരിശോധിച്ചാൽ ഒരു സഭയുടെ നേതൃത്വം വഹിച്ചിരുന്നത് ഫേബ എന്ന വനിതയായിരുന്നു എന്ന വസ്തുത സ്ത്രീകൾ അഭിമാനത്തോടെ ഓർക്കുന്നു. പക്ഷേ ആധുനിക യുഗത്തിലെ പുരുഷന്മാർ (പ്രത്യേകിച്ചു സാഹിത്യകാരന്മാർ) പുരുഷനോടൊപ്പം ഔന്നത്യമുള്ളവരായി സ്ത്രീകളെ ചിത്രീകരിക്കുന്നില്ല. അവസരം കിട്ടുമ്പോഴൊക്കെ അവർ സ്ത്രീകളെ കളിയാക്കുന്നു (ഇത് ഫെമിനിസ്റ്റ് ചിന്താഗതി അല്ല). കുടുംബത്തിന്റെ ഉത്തരവാദിത്വം മുഴുവൻ അവളുടെ തലയിൽ കെട്ടി വയ്ക്കുകയും അൽപ്പം പാളിച്ച എവിടെയെങ്കിലും സംഭവിച്ചാൽ അവൾ പരിഹസിക്കപ്പെടുകയും ചെയ്യുന്നു. (ഇതേ തെറ്റ് ഗൃഹനാഥന്റെ പക്ഷത്ത് സംഭവിച്ചാൽ അത് ഹാസ്യമല്ലാതായി തീരുകയും ചെയ്യുന്നു).

## ജീവിത വിജയം - ആധുനിക വനിതയുടെ സ്വപ്നം

തുച്ഛമായ ശമ്പളത്തിന് പണിയെടുക്കുന്ന അടുക്കള ജോലിക്കാർ, തൂപ്പുകാരികൾ എന്നിവർ മുതൽ പ്രതിമാസം ലക്ഷങ്ങളുടെ കുലുക്കവും തിളക്കവുമായി നേട്ടങ്ങളുടെ കൊടുമുടികൾ ഓടിക്കയറിയ ലേഡീ ഡോക്ടർമാർ, ഐറ്റി വിദഗ്ധകൾ, ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്ന മാനേജർമാരായ വനിതകൾ എന്നിവർ അടങ്ങിയതാണ് നമ്മുടെ സമൂഹം.

നീന്തൽ പഠിക്കണമെങ്കിൽ വെള്ളത്തിലിറങ്ങാതെ സാദ്ധ്യമല്ല. സൈക്കിൾ സവാരിയിൽ വൈദഗ്ദ്ധ്യം നേടിയവർ എത്ര തവണ മറിഞ്ഞു വീണിട്ടുണ്ടാകും? അതിനാൽ ജീവിതയാത്രയിൽ പ്രതിസന്ധികൾ നമ്മെ അഭിമുഖീകരിക്കുമ്പോൾ "യ്യോ----പ്രതിസന്ധിയാണേ----" എന്നു വിലപിച്ച് തിരിഞ്ഞ് ഓടരുത്. വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന്റെ 'ത്രിൽ', ശരിയായ ആസൂത്രണം, അക്ഷീണമായ പ്രയത്നം, പതറാത്ത ആത്മവിശ്വാസം എന്നിവയോടൊപ്പം അടിയുറച്ച ദൈവവിശ്വാസവും

ഒത്തു ചേരുമ്പോൾ 'ഭാഗ്യം' അവരുടെ പിന്നാലെ എത്തും. ഇതാണ് ഔന്നത്യങ്ങൾ കൈയടക്കിയ വനിതകളുടെ വിജയരഹസ്യം.

നിങ്ങളുടെ സ്വപ്നങ്ങൾ എന്തുമാകട്ടെ താഴെ പറയുന്ന മാർഗ്ഗങ്ങൾ പ്രായോഗികമാക്കുക, അവയെ യാഥാർത്ഥ്യമാക്കാം.

**1. വ്യക്തമായ ലക്ഷ്യങ്ങൾ അതിപ്രധാനം**

ലക്ഷ്യങ്ങളോടൊപ്പം യാഥാർത്ഥ്യ ബോധത്തോടു കൂടിയ സമീപനവും ഉണ്ടെങ്കിൽ മാത്രമേ കഠിനാധ്വാനം ചെയ്യുന്നതിനുള്ള പ്രേരണ ലഭിക്കുകയുള്ളൂ. നിരാശ, അസൂയ, വൈരാഗ്യം, ദേഷ്യം എന്നീ വികാരങ്ങൾ ഒരു സ്ത്രീക്കും ഭൂഷണമല്ല.

**2. അമിതമായ പ്രതീക്ഷകൾ പാടില്ല**

അയൽക്കാരുടേയും ബന്ധുക്കളുടേയും നേട്ടങ്ങൾ കണ്ട് മോഹിച്ച് അതു പോലെ ജീവിക്കുന്നതിന് തുനിയരുത്; അങ്ങനെ 'അടിപൊളി' ആയി നടക്കാൻ മക്കളെ പ്രേരിപ്പിക്കരുത്, പഠനകാര്യത്തിൽ അയൽ വീട്ടിലെ കുട്ടികളുമായി മക്കളെ താരതമ്യപ്പെടുത്തരുത്, പരാജയം ഏറ്റുവാങ്ങേണ്ടി വരും.

**3. വർത്തമാനകാലത്തിൽ ജീവിക്കാൻ ശ്രമിക്കുക**

കഴിഞ്ഞു പോയ കാലങ്ങളെയും അവസരങ്ങളെയും ഓർത്ത് കുറ്റബോധവും സങ്കടവും പാടില്ല. കഴിഞ്ഞകാല ജീവിതത്തെ 'പോസ്റ്റ്മോർട്ടം' ചെയ്യരുത്. ഭാവിയെ ഓർത്ത് ആശങ്കപ്പെടരുത്. ദൈവവിശ്വാസത്തിൽ അടിയുറച്ച് കാര്യങ്ങൾ വരുന്നതുപോലെ കാണാം എന്ന് കരുതി ജീവിക്കുക.

**4. പരാജയങ്ങളെ ചവിട്ടുപടികൾ ആക്കുക**

ജീവിതത്തിൽ തിരിച്ചടികൾ സ്വാഭാവികമാണ്. ഇപ്രകാരം സംഭവിക്കുമ്പോൾ നിരാശരാകാതെ അവയിൽ നിന്ന് പാഠം ഉൾക്കൊണ്ട് മുന്നേറുക. വിജയങ്ങളിൽ അമിതമായ ആഹ്ലാദവും പാടില്ല. അത് അഹങ്കാരത്തിലേക്ക് നയിക്കും.

**5. മക്കൾക്ക് അനുകരിക്കാവുന്ന മാതൃകകൾ ആയി ജീവിക്കുക**

എത്ര തിരക്കിനിടയിലും മക്കൾക്ക് വേണ്ടി സമയം കണ്ടെത്തുക, മൂല്യബോധവും സൽസ്വഭാവവും ചെറുപ്പം മുതൽ പകർന്നു നൽകുക, സ്വന്തം ഉത്തവാദിത്ത്വങ്ങൾ സ്വയം ഏറ്റെടുക്കുന്നതിന് ചെറുപ്പം മുതൽ അവരെ പ്രാപ്തരാക്കുക.

**6. ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കരുത്**

സ്വന്തം കഴിവുകളെയും വൈകല്യങ്ങളെയും പഴിച്ച് ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്നവർ ഓർക്കുക, പ്രതികൂലങ്ങൾ ഇല്ലാത്ത ജീവിതം ദൈവം ആർക്കും വാഗ്ദാനം ചെയ്തിട്ടില്ല. പ്രശ്നങ്ങളുടെ നടുവിൽപ്പെട്ട് ഉഴലുമ്പോൾ നിങ്ങളുടെ പ്രശ്നങ്ങളെ ദൈവസന്നിധിയിൽ

സമർപ്പിച്ച് പ്രാർത്ഥിക്കുക, മനസ്സിന് ആശ്വാസം ലഭിക്കും, പ്രശ്നങ്ങൾക്കുള്ള പരിഹാരം താമസിയാതെ മനസ്സിൽ തെളിഞ്ഞു വരും.

**7. ദാമ്പത്യജീവിതം അർദ്ധനാരീശ്വരദേവ സങ്കൽപ്പം പോലെ പരസ്പരപൂരകമായിരിക്കട്ടെ**

ജീവിതസഖിയോടും മക്കളോടും നാം സ്വീകരിക്കുന്ന നിലപാടുകൾ, കൊടുക്കൽ വാങ്ങലുകൾ, ആഹാരം, ഭക്ഷണം, വിശ്രമം, ശുചിത്വപരിപാലനം, രോഗം വന്നാൽ ചികിത്സ, കുടുംബത്തിനകത്തും പുറത്തും ഉള്ള സൗഹൃദങ്ങൾ ഇവയിലെല്ലാം കുടുംബിനി സ്വീകരിക്കുന്ന നിലപാട് പ്രധാനമാണ്.

ചുരുക്കി പറഞ്ഞാൽ അവസരങ്ങളും സമയവും ആർക്കു വേണ്ടിയും കാത്തു നിൽക്കുകയില്ല. വിജയവും പരാജയവും നാം സ്വയം ഏറ്റു വാങ്ങുവയാണ്. അതിനാൽ ഏകാഗ്രത, അദ്ധ്വാനശീലം, പ്രാർത്ഥനാജീവിതം, സ്വസ്ഥമായ മനസ്സ് എന്നിവ ഉള്ളവരായി കർത്താവിന്റെ ഉത്തമസാക്ഷികളായി, മറ്റുള്ളവരുടെ മുന്നിൽ ഉത്തമ മാതൃകകൾ ആയി സമർപ്പണജീവിതം നയിക്കാൻ ദൈവം വനിതകളായ നമ്മെ സഹായിക്കട്ടെ ശക്തിപ്പെടുത്തട്ടെ.

*ഓർക്കുക, നമ്മുടെ വിജയം നമ്മുടെ കൈകളിൽ തന്നെയാണ്.*




**ചർച്ച് വോയിസിൽ രചനകൾ നൽകിയവരോടുള്ള നന്ദി അറിയിക്കുന്നു. ഏപ്രിൽ മാസത്തിൽ 'യേശുവിന്റെ പുനരുദ്ധാനം' എന്ന വിഷയത്തിൽ രചനകൾ ക്ഷണിക്കുന്നു. രചനകളെല്ലാ മാസവും 15–ാം തീയതിക്ക് മുമ്പ് ചർച്ച് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. രചനകൾ സമർപ്പിക്കുന്നവർ തങ്ങളുടെ പേര്, കുടുംബ നമ്പർ, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.**

**ഇ–മെയിൽ: churchvoice@gmail.com**

# THE MYSTERY OF THE CROSS

Manoj Ebenezer

Why did Jesus die on the cross? For our salvation, the Christian would immediately answer. But why was the cross necessary for our salvation? How does the death of Jesus on the cross save us? What did Jesus accomplish by his death on the cross that could not be accomplished in any other way or by anyone else? These questions lead us to the very heart of our faith, and we end up with the mystery of the cross: 'mystery' not in the modern sense of an unsolved 'whodunit', but in the Bible's sense of 'something hidden so far, but now revealed to a chosen few' (in Malayalam we would say *marmmam*). Down the centuries, Christian thinkers have tried to plumb the depths of this mystery, and come up with many precious truths.

The starting point, without which nothing makes sense, is that we are sinners, all of us. "All have sinned and fall short of the glory of God" (Rom. 3:24) – there is in all of us a tendency to do evil, an inclination to wrong choices and actions. Because God is holy, our sin creates a separation, a rift, between us and God. "Your iniquities have separated you from your God; your sins have hidden his face from you" (Isaiah 59:2). We are sinners: it is not just that we commit specific sins (as many religions teach) but because there is a deep rooted flaw within us, resulting in alienation from God. It is the condition in which we are born. And the wages of sin is death and hell, the ultimate and irreversible separation from God.

In the Bible sin is always presupposed as the universal human condition, the reason for all the evils in the world. This is a very distinct understanding of man's condition, one which no other religion or ideology offers. From the Christian point of view, sin is the disease we are suffering from. All our problems – lying, stealing, murder, immorality (personal problems) or injustice, poverty, inequality, discrimination...(social problems) are symptoms of the disease. Progress in education, high standards of morality, enacting progressive laws, ensuring equal distribution of wealth – all these human attempts as solutions to our problems, though good in themselves, are doomed to fail ultimately in so far as they ignore the root cause of human problems, which is sin. The reason a Christian finds ideologies like, say, Marxism, unsatisfactory is that they seek to address the symptoms (inequality of wealth, exploitation, class struggle, what have you) but fail to recognize, much less treat, the root cause - the disease - which is sin. We cannot cure this condition, we cannot save ourselves. What we claim is that Jesus saves humans from sin by his death on the cross.

The mystery of the cross has been expressed in many different images, and no one picture is big enough to hold all of it:

## The cross is a Sacrifice

"He offered sacrifice for our sins. And where did he find that offering, the pure victim that he would offer? He offered himself, in that he could find no other." (Augustine)

In the Old Testament, God provided for sin to be atoned (covered) by the sacrifice of animals. The principle was that sin deserves death of the sinner, but it is covered by the death of an animal in his place. Because the blood represents life, shedding of blood by sacrifice makes atonement ("For the life of a creature is in the blood, and I have given it to you to make atonement for yourselves on the altar" - Lev. 17:11). Such atonement requires a priest (the mediator between the sinner and God), a sacrificial animal (such as a lamb) and an altar on which to offer sacrifice (See Lev. 4:27-31).

"Look! The Lamb of God, who takes away the sin of the world!" (John 1:29). Jesus on the cross was our high priest, mediating between us and God and offering the sacrifice of atonement, but the sacrificial lamb was he himself. "Christ was sacrificed once to take away the sins of many" (Heb. 9:26). The Old Testament sacrifices only prefigured his perfect and final sacrifice, which does not need repetition. "He is the atoning sacrifice for our sins, and not only for ours but also for the sins of the whole world" (1 John 2:2).

The theme of sacrifice is related to the idea of **propitiation**. It means appeasing God's wrath, his hostility towards sin. God himself provided the propitiation, the sacrifice of atonement (Rom. 3:25). Sacrifice satisfies God's righteous indignation against sin (in the Old Testament sacrifices this was symbolised by burning up the offering). Jesus on the cross burned in the fierce anger of God against sin, so that he cried out, "My God, my God, why have you forsaken me?" (Matt. 27:46).

The objection is raised that the idea of sacrifice, shedding of blood, and propitiating God's wrath are crude and primitive. But this is a universal truth that all ancient religions recognise, the need for sacrifice (in Malayalam we would say *kuruthi* or *yagam*) to appease God, to gain access to God by turning away his wrath. All the animal sacrifices pointed to Christ's sacrificial death on the cross. God, being the righteous one, is intolerant of evil (Psalm 7:11). God is angry at sin, not at us – he loves us in spite of our sin, and he himself provided the sacrifice (Gen 22:8).

## The Cross is a Victory

"Its central theme is the idea of the Atonement as a Divine conflict and victory; Christ - *Christus Victor* – fights against and triumphs over the evil powers of the world, the "tyrants" under which mankind is in bondage and

suffering, and in Him God reconciles the world to Himself." (Gustaf Aulen, Swedish Lutheran bishop and theologian).

We were held captive by sin and Satan and Jesus **ransomed** us. We were slaves to sin and Jesus **redeemed** us. Both those words, 'redemption' and 'ransom', are used throughout the Bible of what God does for his people. The Israelites were slaves in Egypt, and God redeemed them from bondage (Exodus 6:6). Many centuries later they were taken as captives to Babylon, and again God redeemed them (Jer. 31:11). These events prefigure what Jesus did for us.

The theme of redemption includes several related ideas:

*Slavery* or captivity. Someone (Satan) or something (sin) more powerful than ourselves is holding us captive. The end result of this captivity is death and hell.

*Ransom* or blood-money. A sum of money is paid, or a person (Jesus) is handed over by a powerful one (God) to the captor in order to set us free, to save us.

*Redemption* or salvation. We are liberated from slavery, set free from our captor, saved from our desperate situation.

Jesus himself declared that he came "...to give his life as a ransom for many" (Mark 10:45). 1 Timothy 2:6 says he "gave himself as a ransom for all people." 1 Cor 6:20 reminds us, "You were bought at a price." The price that Jesus paid to redeem us from bondage to sin was his own blood ("you were redeemed...with the precious blood of Christ" - 1 Peter 1:18, 19). To make the imagery more modern, we are like weak people kidnapped by a powerful gangster (Satan) who is going to take us captive to his cave (hell), but our Father offers Jesus as a ransom to rescue us. So on the cross (the meeting point where the ransom was paid), Satan thinks he has got Jesus captive, he thinks he's got a good bargain and lets us go, he thinks he can take Jesus to his 'cave', to death and hell, (that's why the Apostle's Creed says 'he descended to the dead' – see 1 Peter 3:19) but Jesus bursts open the grave and rises from the dead in triumph, leaving Satan powerless, leaving death destroyed, leading the captives out in a triumphal procession as the victorious King. Jesus' ascension into heaven therefore means that he has gone up to sit on the throne.

This was how the early Christians understood the cross, they took sin and death and Satan seriously, and gloried in the triumph of Jesus by his death and resurrection. Paul the apostle wrote, "having disarmed the powers and authorities, he made a public spectacle of them, triumphing over them by the cross" (Col. 2:15). We can picture death and Satan as gangsters captured, disarmed, bound and led in public, and all this was accomplished

by Jesus' death on the cross, which outwardly looks like defeat! The early Church (before it split into Catholic and Orthodox and later on, Protestant) continued this New Testament belief in Jesus' death on the cross a victory over all the powers of evil. They always spoke of the death, resurrection and ascension of Jesus as parts of one event.

> Up from the grave He arose,
> With a mighty triumph o'er His foes
> He arose a Victor from the dark domain,
> And He lives forever with His saints to reign...

## The cross is a Satisfaction

"To sin is to fail to render to God what God is entitled to...Anyone who fails to render this honour to God, robs God of that which belongs to God, and thus dishonours God...Everyone who sins ought to render back to God the honour he has taken away, and this is the satisfaction which every sinner ought to make to God." (Anselm of Canterbury, 11th century)

In the Middle Ages, theologians started leaving 'Christ the Victor' theme for a more philosophical approach that saw sin as an offense or insult to God's honour or majesty. Because it is a dishonour to the sovereign King of all mankind, it cannot be simply overlooked or forgiven as if it is a personal offense. A proper satisfaction (in Malayalam we say *parihaaram*) has to be provided. Only God himself has the ability to make the satisfaction, but we, the offenders, are the ones who need to do it – so God became man and offered himself on the cross.

The criticism that this view was based on medieval notions of feudal honour and methods of satisfaction led to the 17th century Protestant Reformers returning to the New Testament and modifying the picture from that of a royal court to that of a court of law. Rather than an insult to God's honour, sin is a breaking of God's law, and the penalty is death (Rom. 6:23). God is the Judge of all the earth, and his justice needs to be satisfied. The cross is the place where God's condemnation of sin is displayed, and there God himself takes our place and bears our punishment because we cannot do it. "Christ redeemed us from the curse of the law by becoming a curse for us" (Gal. 3:13).

The theme of satisfaction of God's justice or righteousness is closely bound with the idea of **substitution**. Jesus took our sins and punishment on the cross, died the death we deserve. "He was pierced for our transgressions, he was crushed for our iniquities, the punishment that brought us peace was on him..." (Isaiah 53:5). "What took place is that the Son of God fulfilled the righteous judgement on us human beings by himself taking our place as a human being, and in our place undergoing the judgement under which we had passed" (Karl Barth).

Many objections are raised to this view: 1. Why can't God simply forgive? The answer is that God's righteousness is part of his nature and God cannot act out of character. Even we exclaim when we hear of some crime that the offender should be punished. 2. Why should somebody else suffer for me, and how can my sins, which are a part of me, be transferred to someone else? The answer is that we were "in Christ" when he bore our sins, and Christ is "in" us when he clothes us in his righteousness. Substitution is one angle, the other angle is **participation** (being **in** Christ, like a baby is **in** the mother's womb): we participate in Christ's death and resurrection (Romans 6:1-10). 3. Is God not some kind of cosmic child abuser, to treat the Son this way? The answer is that it is not as if God demanded punishment and the Son intervened to take it; Jesus is one with the Father (John 14:10); "God was reconciling the world to himself in Christ" (2 Cor. 5:19).

What Thou, my Lord, hast suffered, Was all for sinners' gain;
Mine, mine was the transgression, But Thine the deadly pain.
Lo! Here I fall, my Saviour! 'Tis I deserve Thy place;
Look on me with Thy favour, Vouchsafe to me Thy grace.

### The love of God

The cross is an act of God's love toward us, but not in the sentimental way we often think. Alister McGrath writes, "The insight 'God is love' may easily be misunderstood as a timeless eternal truth. But the cross reveals the love of God *as an action*, rather than as an eternal truth or principle. 'God so loved the world that he *gave* his one and only Son..' (John 3:16). We were in eternal danger of perishing and God acted to save us by the cross. That is why it is love (1 Jn 3:16) – like a father rushing into a burning house to rescue his child. Jesus died on the cross because of his love but it was not *in order to* show love, any more than the father rushed into the flames with the purpose of showing love. No, he was already showing love in so many other ways, but here he was rushing to the rescue seeing the danger, putting his love into action. In other words, the cross was inevitable, it was precious, it actually accomplished something – our deliverance, our salvation. As an act of love, it prompts a grateful response from us.

Were the whole realm of nature mine
That were an offering far too small
Love so amazing, so divine
Demands my soul, my life, my all.

✻

*"The very fact of a Christian being here, and not in heaven is a proof that some work awaits him" - William Arnol.*

## Circle Prayer - March 2014

| | | | | |
|---|---|---|---|---|
| 04-03-2014 | Kowdiar Circle | 1722 | Mr. G. Devadas | Kuravankonam |
| Tuesday | Uloor Circle | 1792 | Mr. D. Jimmy | Kochulloor |
| | | | | |
| 07-03-2014 | Nanthancode Circle | 1303 | Mr. Y. Christudas | Nanthancode |
| Friday | Vazhuthacaud Circle | 1638 | Mr. P. Wilson | Poojappura |
| | | | | |
| 11-03-2014 | Muttada Circle | 1168 | Dr. Sajeev Samuel Rose | Mannanthala |
| Tuesday | Ambalamukku | 1703 | Dr. Raghunath Raj | Kudappanakkunnu |
| | | | | |
| 14-03-2014 | Charachira | 1880 | Mr. T. Chellappan | Charachira |
| Friday | LMS - Palayam | 1432 | Mr. G. Thomas | Meads Lane |
| | | | | |
| 18-03-2014 | Edappazhanji | 1785 | Mr. Arun Wilson | Edappazhanji |
| Tuesday | Nandancode | 1732 | Mrs. Lalitha Jayakumar | Nalanda |
| | | | | |
| 21-03-2014 | Kowdiar | 1891 | Mr. Edwin Joseph Roy | Jawahar Nagar |
| Friday | Pattom Circle | 1733 | Dr. Oliver Robertson | Pattom |
| | | | | |
| 25-03-2014 | Charachira | 1805 | Dr. Vinu A. Thomas | Charachira |
| Tuesday | LMS Palayam | 253 | Mrs. Seleena Bai | Museum Bains Compound |
| | | | | |
| 28-03-2014 | Muttada Circle | 729 | Mr. T. Jayakumar Alfred | TKD Road |
| Friday | Nanthencode | 1666 | Mr. E.C.Fisher Thankaraj | Nanthencode |
| | | | | |
| 01-04-2014 | Vazhuthacaud | 738 | Mr. Shaji Martin | Womens College Lane |
| Tuesday | Thycaud | 1448 | Dr. Justin Jose | Karamana |
| | | | | |
| 04-04-2014 | Charachira | 1985 | Dr. Abraham Ashok | Charachira |
| Friday | LMS Palayam | 652 | Mr. M. Stantley | Nanadavanam |

## വി.ബി.എസ് 2014

ഈ വർഷത്തെ വി.ബി.എസ്. മാർച്ച് 31 മുതൽ ഏപ്രിൽ 12 വരെ നമ്മുടെ ദേവാലയത്തിൽവെച്ച് നടക്കുന്നതാണ്. 'നാം ജീവനുള്ള കല്ലുകൾ' എന്നതാണ് ചിന്താവിഷയം.

സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിലുള്ള **കുട്ടികളുടെ ക്യാമ്പ്** ഏപ്രിൽ 28 മുതൽ 30 വരെ നടത്തുന്നതാണ്.

# എം.എം. ചർച്ച് ഗോസ്പൽ ബാന്റ്

2014-ലെ ഗോസ്പൽ ബാന്റ് പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. തിങ്കളാഴ്ച ദിവസം വെസ്റ്ററി പ്രാർത്ഥനയും, ബുധനാഴ്ച ദിവസങ്ങളിൽ ഭവനസന്ദർശനവും, എല്ലാ മാസവും വാർഡ് പ്രെയർ മീറ്റിംഗുകളും ക്രമമായി നടന്നുവരുന്നു. ഈ വർഷത്തെ വിശുദ്ധവാര ആരാധന താഴെപ്പറയുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു:

| *തീയതി* | *സമയം* | *പ്രസംഗകൻ* |
|---|---|---|
| 14-04-2014, തിങ്കൾ | 6.15 PM | റവ. ഡോ. ഡി. ബർണ്ണബാസ് |
| 15-04-2014, ചൊവ്വ | 6.15 PM | റവ. സി. ജയൻ |
| 16-04-2014, ബുധൻ | 6.15 PM | റവ.ഡോ. പ്രേംജിത് കുമാർ |
| 17-04-2014, വ്യാഴം മുതൽ 20-04-2014, ഞായർ വരെ | 6 മണി | ബ്രദർ. ഡോ. ജെ. വിൽസൺ (ലൗ ആർമി ക്രൂസേഡ്) |

എല്ലാ ദിവസവും ചർച്ച് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. ഈ യോഗങ്ങളുടെ അനുഗ്രഹങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുവിൻ.

**റ്റി. ജയകുമാർ ആൽഫ്രഡ്,** സെക്രട്ടറി, ഗോസ്പൽ ബാന്റ്

## EVENTS upto 16-02-2014

### Crossed Jordan to be with the Lord

| Sl.No | Family No | Members |
|---|---|---|
| 1 | 165 | **Mrs. Lizzy E Raj**<br>TC 4/261, HsNo-32, Ambala Nagar,<br>Kowdiar P.O., TVM 3<br>Died on 03-02-2014  |
| 2 | 1778 | **Mrs. Litzal M**<br>Blessing, Hs No-B24,<br>Meads Lane,Palayam, TVM 34<br>Died on 07-02-2014  |

### Baptism

| Sl.No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1412 | Mr. Sujeesh George | 19-01-2014 |
| 2 | 1412 | Ms. Susha S George | 19-01-2014 |
| 3 | 1232 | Mr. Ajay M John | 30-01-2014 |
| 4 | 1232 | Mr. Abey Antony M | 30-01-2014 |

### We welcome these new families joined by Marriage

| Sl No | Family No | Name | Date of Marriage |
|---|---|---|---|
| 1 | 2072 | Er. Anil John Titus & Meera Jasmin | 12-02-2014 |

The aim of this Bible Quiz is to promote reading of the Bible. This month's questions are selected from Acts of the Apostles (NIV) chapters 10 to 18. Acts was written by Luke the physician who had accompanied Paul in his missionary journeys. These nine chapters contain the first mass conversion of gentiles and connected issues and the first two missionary journeys of Paul. So kindly read through chapters 10 to 18 before attempting this quiz.

Each answer has to be accompanied with the relevant verse (reference). The answers can be written either in English or Malayalam and have to be submitted before 14th of every month either at the MM Church Office or can be emailed to churchvoice@gmail.com

1. Where did Barnabas go to look for Saul?
2. Who did Paul refer to as 'child of the devil'?
3. What was Lydia's occupation?
4. Who did the people at Lystra call as Zeus?
5. Which place had an altar with the inscription ' TO AN UNKNOWN GOD'?
6. Who accompanied Barnabas after his sharp disagreement and separation with Paul?
7. What was Paul's occupation?
8. Who saw the vision of a man of Macedonia?
9. Where did John leave Paul and his companions?
10. Who had been brought up with Herod the tetrarch?

List of people who had submitted the right answers along with the reference

1. Jolly Irene G.
2. P. R. Prema Kumar
3. Johitha L. Joy
4. Annie Liz Manuel
5. Grace Ammal V.
6. Preetha John
7. Dr. Preethi Davidson
8. Noel Edwin & Lena Edwin
9. Premila Janelet Sylam
10. Mahil Ajith
11. Shireen Evangeline Ross

Correct answers to the quiz on Acts 1-9

1. Prophet Joel 2:16,17
2. Beautiful 3:2
3. Theudas 5:36
4. Three months 7:20
5. Solomon 7:47
6. "Lord, do not hold this sin against them." 7:60
7. A city in Samaria 8:5
8. House of Judas on Straight Street 9:11
9. Matthias 1:26
10. Peter said to Simon 8:23



എഡിറ്റോറിയൽ

# സ്വയം വിലയിരുത്താം



ഒരിക്കൽ ഒരു രാത്രിയിൽ ഓസ്ട്രിയയിലെ വിയന്ന നഗരത്തിന്റെ പ്രാന്തത്തിലുള്ള റെയിൽവേ ട്രാക്കിലേക്ക് യുവതിയായ ഒരു മാതാവ് നാല് പിഞ്ചുകുഞ്ഞുങ്ങളെയും കൊണ്ട് ആത്മഹത്യയ്ക്കായി പോയി. അവളെയും കുഞ്ഞുങ്ങളെയും ഭർത്താവ് ഉപേക്ഷിച്ചതാണ് അവളെ ഈ സാഹസത്തിന് പ്രേരിപ്പിച്ചത്. രോഗിയായ അവൾക്ക് ജോലി ചെയ്യാൻ കഴിയാത്തതിനാൽ പട്ടിണിയുടെ ഭീഷണിയിൽ തികച്ചും പരിഭ്രാന്തയായി. കുഞ്ഞുങ്ങളുടെ വിശപ്പടക്കാനുള്ള കരച്ചിൽ അവളുടെ ഹൃദയത്തെ ദു:ഖത്തിലാഴ്ത്തി.

അവർ നിൽക്കുന്ന സ്ഥലത്ത് ട്രെയിനെത്തുന്നതിന് ഏതാനും മിനിറ്റുകൾക്ക് മുമ്പ് നാല് വയസ്സുള്ള പിഞ്ചുമകൾ പറഞ്ഞു: 'മമ്മീ, ഞാൻ മമ്മിയെ വളരെ സ്നേഹിക്കുന്നു. ഇപ്പോൾ സമയം രാത്രി വളരെ വൈകിയിരിക്കുന്നു. നമുക്ക് നമ്മുടെ വീട്ടിലേക്ക് പോകാം.' കുഞ്ഞിന്റെ നിഷ്കളങ്കതയോടുള്ള ഈ വാക്കുകൾ അവളുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു. അത് ദൈവശബ്ദമായി തിരിച്ചറിഞ്ഞ് വലിയൊരു സാഹസത്തിൽ നിന്നും, ദുരന്തത്തിൽ നിന്നും പിന്തിരിപ്പിച്ച ദൈവകൃപയെ സ്തുതിച്ചുകൊണ്ട് അവൾ ഭവനത്തിലേക്ക് മടങ്ങി.

ഒരു വലിയ തീരുമാനത്തോടും, ഉറച്ച നിശ്ചയത്തോടും ആയിരുന്നു അവൾ വീട്ടിലേക്ക് മടങ്ങിയത് – ജീവിക്കണം! തന്റെ കുഞ്ഞുങ്ങൾക്ക് വേണ്ടി ജീവിക്കണം. താൽക്കാലികമായ ഈ പ്രതിസന്ധി മാറും. ദൈവം തനിക്ക് നൽകിയിട്ടുള്ള ഒരു വലിയ താലന്തിനെക്കുറിച്ച് അവൾ ചിന്തിച്ചു: സംഗീതത്തിലുള്ള കഴിവ്. അത് പുഷ്ടിപ്പെടുത്തി കർമ്മരംഗത്ത് നിലയുറപ്പിക്കണം. അങ്ങനെ അവൾ ഒരു വലിയ വിജയമായിത്തീർന്നു. ലോകപ്രശസ്തയായ ഓപ്പറ ഗായിക മാഡം ഏണസ്റ്റൈൻ ഷൂമാൻ ഹെങ്കിന്റെ (1861 –1936) ജീവിതാനുഭവമാണിത്.

മാഡം ഏണസ്റ്റൈൻ തന്റെ പിഞ്ചുമകളിൽ കൂടികേട്ടത് ദൈവശബ്ദമായി എടുത്തു. അത് അവളുടെയും ആ കുഞ്ഞുങ്ങളുടെയും ജീവൻ രക്ഷിക്കാൻ മുഖാന്തിരമായി. ദൈവം പലവിധത്തിൽ നമ്മോട് സംസാരിക്കും – ഏകാന്തതയിൽ നാം നടത്തുന്ന പ്രാർത്ഥനയുടെ നിമിഷങ്ങളിലോ, ദൈവവചനം ധ്യാനിക്കുന്ന സമയത്തോ, പ്രസംഗമോ, അനുഭവസാക്ഷ്യമോ കേൾക്കുന്നതിലൂടെയോ, ജീവിതത്തിലെ വിവിധ അനുഭവങ്ങളിലൂടെയോ ഒക്കെ. ദൈവശബ്ദം കേൾക്കുവാൻ നാം കാതോർക്കണം. നമ്മുടെ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ ദൈവ

ശബ്ദത്തിനായി നാം കാതോർക്കുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തണം. ടി.വി.ക്കു മുമ്പിൽ മണിക്കുറുകളോളം സീരിയലുകളും, സിനിമയും, ചാനൽ ചർച്ചകളും ഒക്കെ കാണുവാനായി സമയം ചെലവഴിക്കുന്നവർ ദിവസം കേവലം അര മണിക്കൂർ സമയം കണ്ടെത്തി സുവിശേഷ സന്ദേശങ്ങളും, അനുഭവ സാക്ഷ്യങ്ങളും, ഗാനങ്ങളുമടങ്ങിയ ആത്മീയ പരിപാടികൾ ടി.വി.യിൽ കാണുന്നത് ജീവിതത്തിന് കൂടുതൽ ധൈര്യം പകരുമെന്ന് തിരിച്ചറിയണം.

അമിതമായ തിരക്ക് ആധുനിക ജീവിതത്തിന്റെ പ്രത്യേകതകളിലൊന്നാണ്. ഈ തിരക്കിൽ നമ്മുടെ കുടുംബത്തിലേക്കും, ഹൃദയത്തിലേക്കും ദൈവത്തിന് പ്രവേശനം കിട്ടാതെ വന്നേക്കാം. **തിരക്ക് പിടിച്ച ജീവിതമല്ല മറിച്ച്, തിരക്കു പിടിച്ച മനസ്സാണ് അപകടകാരി. തിരക്ക് ദൈവസാന്നിദ്ധ്യം നഷ്ടപ്പെടുത്തും. മനസ്സിന്റെ ഏകാഗ്രത ഇല്ലാതാക്കും. ശരീരത്തെ ദുർബ്ബലപ്പെടുത്തും.** തിരക്ക് ഇല്ലാത്ത ഒരു മനസ്സ് നമുക്ക് സ്വന്തമാക്കണം. അതിനായി കൂടുതൽ സമയം പ്രാർത്ഥിക്കണം, ദൈവവചനം ധ്യാനിക്കണം. ഇതൊക്കെ ഒഴിവാക്കി തിരക്ക് പിടിച്ച് ഓടുന്നതാണ് പിരിമുറുക്കത്തിന്റെ (ടെൻഷൻ) കാരണങ്ങളിലൊന്ന്.

വീണ്ടും ഒരു നോമ്പ് കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ദൈവവചനം ധ്യാനിക്കുവാനും, പ്രാർത്ഥിക്കുവാനും, ദൈവവചനത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ വിലയിരുത്തേണ്ടതുമായ ദിവസങ്ങളാണിത്. നാം നമ്മിലേക്ക് തന്നെ ഒന്നു തിരിഞ്ഞുനോക്കുമെങ്കിൽ മറ്റാരിലും കാണാത്ത അനവധി കുറ്റങ്ങളും, കുറവുകളും, ദൗർബ്ബല്യങ്ങളും നമ്മിൽ ഉണ്ടെന്ന യാഥാർത്ഥ്യം നമുക്ക് തിരിച്ചറിയുവാൻ കഴിയും. നാം അറിയുന്ന സകല മനുഷ്യരും നമ്മെക്കാൾ ശ്രേഷ്ഠരാണെന്ന് നമുക്ക് ബോധ്യമാകും.

**നാം സ്വന്തം കുറവുകളെക്കുറിച്ച് അവബോധമുള്ളവരും, കഴിവുകളെക്കുറിച്ച് അഭിമാനമുള്ളവരുമാകുക.** ദൈവവചന ധ്യാനവും, ആത്മപരിശോധനയും, പ്രാർത്ഥനയും വഴി ദൈവവുമായുള്ള ബന്ധത്തിൽ കൂടുതൽ വളരുവാനുള്ള അവസരമായി ഈ വർഷത്തെ നോമ്പ് കാലം നമുക്ക് മാറ്റിയെടുക്കാം.

**ആർ. സാജൻ സാംസൺ**

email: sajansamson@hotmail.com

എഡിറ്റർ



# Womens Fellowship



Candlelight Ceremony



ദക്ഷിണ കേരള മഹായിടവക സ്ത്രീജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കലാമത്സരത്തിൽ സംഘഗാനത്തിന് 'സി' ഗ്രേഡിൽ സഭാതലത്തിലും, ഏരിയാതലത്തിലും, മഹായിടവക തലത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നമ്മുടെ സഭയിലെ സ്ത്രീജനസഖ്യാംഗങ്ങൾ: ഹെലൻ സാറാമ്മ, ലീലാഭായി രാജയ്യൻ, വിമലാ അലക്സ്, ആനി ഹാരിസ്, ലക്ഷ്മി കുമാരി, ലളിതാ ജയകുമാർ.




Grace Printers. 2540523